

# CHURCH VOICE

C. S. I. MATEER MEMORIAL CHURCH

Vol. 21 No. 9 Newsletter September 2023



"ഒരു മനുഷ്യനും ദുഷ്ടത കൊണ്ടു സ്ഥിരപ്പെടുകയില്ല;
നീതിമാന്മാരുടെ വേരോ ഇളകിപ്പോകയില്ല"
(സദൃശവാക്യങ്ങൾ 12:3)

## Memory Contest (Identify the persons and spell out their names)

MATEER MEMORIAL (C. S. I.) CHURCH CHOIR

(AS ON 1-1-1968)



NB. Please forward your entries to the Secretary, MM Church Choir

# CHURCH VOICE

21st year of publication

**SEPTEMBER 2023**



**EDITORIAL BOARD**

**EDITOR**
Mrs. Valsa D. S.

**SUB EDITOR**
Er. Ceragil Austin Prince

**MEMBERS**
Er. D. Premdas Justus
Adv. Sarjine Thomas
Dr.Christenson E.Sarasam
Dr. Samson Nessiah
Mr. L. J. Padmakumar
Mr. Zaem Enock
Mr. Jaichand Johnson
Mr. Livingstone A.
Dr. Oliver Robertson G.
Dr. Thilaga Samson



**ADDRESS**

The Editor
Church Voice
M.M. Church
Trivandrum

Articles/Feedback may be sent to

churchvoice@gmail.com
Mob: 9037819570



Church Voice can be read online at our website

www.mateermemorialchurch.com

**PRINTED AT**

**GRACE PRINTERS**
**Muttada. Ph: 9447059891**


## CSI MATEER MEMORIAL CHURCH

### Regular Weekly Programme

| | | |
|---|---|---|
| Week Days | Evening Prayer (Online) | 08:00pm |
| Sun | Tamil Service | 07:15am |
| | Choir Practice | 08.30am |
| | Malayalam Service | 09:00am |
| | Sunday School | 10:45am |
| | Men's Fellowship | 10:45am |
| | Women's Fellowship | 10:45am |
| | Senior Citizens' Fellowship | 10:45am |
| | BCL Union & JCF | 12:00noon |
| | Christian Endeavour Youth Fellowship | 12:00noon |
| | Young Family Fellowship | 12:00noon |
| | Prayer | 12:00noon |
| Mon | Vestry Prayer | 05.00pm |
| Wed | Gospel Band Visit | 05:00pm |
| Fri | Circle Prayer | 6:30pm |
| 2nd Sat | Fasting Prayer | 10:00am |



LETTER FROM PRESBYTER



# പ്ലാറ്റിനം ജൂബിലി വരെ...10

**Rev. Dr. L. E. Sahanam**

19-ാം നൂറ്റാണ്ട് ക്രൈസ്തവ മിഷനറി പ്രവർത്തനങ്ങളുടെ സുവർണ്ണ കാലഘട്ടമായിരുന്നു. കോളനി വാഴ്ചയിലൂടെ ലോകത്താകമാനം രാഷ്ട്രീയവും സൈനീകവുമായ മേധാവിത്തം പുലർത്തിയിരുന്ന സൂര്യനസ്ഥമിക്കാത്ത സാമ്രാജ്യത്തിനധിപതിയായിരുന്ന ബ്രിട്ടന്റെ എല്ലാവിധ പിന്തുണയോടും കൂടി യൂറോപ്പിൽ നിന്നുള്ള മിഷനറി സമൂഹങ്ങൾ ഏഷ്യ, ആഫ്രിക്ക, തെക്കൻ അമേരിക്ക എന്നീ ഭൂഖണ്ഡങ്ങളിൽ സർവ്വ സ്വതന്ത്രമായി ക്രൈസ്തവ സുവിശേഷീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. പുത്തൻ സാമ്പത്തീക ശക്തിയായി വളർന്നുവന്ന അമേരിക്കൻ ഐക്യനാടുകളുടെ ധനപരമായ മേല്ക്കോയ്മ സുവിശേഷീകരണത്തിന് കൂടുതൽ ശക്തി പകർന്ന് അതിന്റെ ഫലമായി ലോകത്തിന്റെ എല്ലാ കോണുകളിലും മിഷനറി പ്രവർത്തനം ശക്തിപ്പെടുകയും നിരവധി ക്രൈസ്തവ സഭാവിഭാഗങ്ങൾ ഈ കാലഘട്ടത്തിൽ രൂപപ്പെടുകയും ചെയ്തു. ഒരു നൂറ്റാണ്ടിലധികം കാലം ഇത്തരത്തിൽ മിഷനറി പ്രവർത്തനങ്ങൾ വളർന്നുകൊണ്ടേയിരുന്നു.

എന്നാൽ 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തോടുകൂടി കഥയാകെ മാറുകയും മിഷനറി പ്രവർത്തനങ്ങളുടെ വേഗത കുറയുകയും വ്യാപകമായ മിഷനറി പ്രവർത്തനം ഏതാണ്ട് നിലച്ചമട്ടിലാവുകയും ചെയ്തു. 19-ാം നൂറ്റാണ്ടിൽ പരക്കെ നിലനിന്നിരുന്ന സമൂഹ മതപരിവർത്തനം അഥവാ "മാസ് കൺവേർഷൻ" തീരെ അവസാനിച്ചു എന്നു തന്നെ പറയാം. അതിനു കാരണങ്ങൾ അനവധിയാണ്.

പല യൂറോപ്യൻ രാജ്യങ്ങൾ തമ്മിൽ വളർന്നുവന്ന ശത്രുതാമനോഭാവവും ചേരി തിരിവും ഒരു മിഷനറി സംഘടനയുടെ കീഴിൽ വിവിധ യൂറോപ്യൻ രാജ്യങ്ങളിൽ നിന്നുള്ള മിഷനറിമാർക്ക് ഒരുമിച്ച് പ്രവർത്തിക്കുന്നതിനു സാധ്യമല്ലാതെ വന്നു. രണ്ട്. ഏഷ്യയിലെയും ആഫ്രിക്കയിലേയും രാജ്യങ്ങളിൽ വളർന്നുവന്ന രാഷ്ട്രീയ സ്വാതന്ത്ര്യത്തതിനായുള്ള വാഞ്ച മിഷനറിമാരുടെ പ്രവർത്തനങ്ങൾക്ക് വേഗം കുറച്ചു തുടങ്ങി. മൂന്ന്. ഈ രാജ്യങ്ങളിൽ രൂപപ്പെട്ട മിഷനറി സഭകളുടെ സ്വയം ഭരണ മോഹവും, അവർ ആർജ്ജിച്ചു തുടങ്ങിയ സ്വയം

പര്യാപ്തതയും, അവർ തന്നെ മുൻകൈ എടുത്താരംഭിച്ച സ്വയം പ്രചാരണ സംരംഭങ്ങളും (എൻ.എം.എസ്., എച്ച്.എം.എസ്.) തുടങ്ങിയ തുപോലുള്ള പ്രസ്ഥാനങ്ങൾ) ഈ രാജ്യത്തിലെ 'പുതുസഭകളെ കൂടുതൽ സ്വതന്ത്രമായി ചിന്തിക്കുന്നതിന് പ്രേരിപ്പിച്ചു. അതിന്റെ ഫലമായിക്കൂടി ഉരുത്തിരിഞ്ഞു വന്നതാണ് ക്രൈസ്തവ ഐക്യ പ്രസ്ഥാനങ്ങൾ.

19-ാം നൂറ്റാണ്ടിന്റെ അവസാനത്തോടു കൂടി ക്രൈസ്തവ ഐക്യ പ്രസ്ഥാനങ്ങളുടെ ആരംഭം കുറിച്ചു: അവയ്ക്ക് നേതൃത്വം നൽകിയതാകട്ടെ യുവജന പ്രസ്ഥാനങ്ങളും. (മിഷനറി സംഘടനകൾ ആദ്യകാലം മുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത് യുവാക്കളെ ക്രിസ്തുവിനായി നേടുക എന്നതിലായിരുന്നു. (റോബർട്ട് റെയ്ക്സിന്റെ സണ്ടേസ്കൂൾ പ്രസ്ഥാനത്തോടെ അത് ആരംഭിച്ചെന്ന് കരുതാം.) വിവിധ മിഷനറി സംഘങ്ങളിലൂടെ ലോകത്താകമാനം മിഷനറിമാരായി കടന്നു ചെന്നതും യുവക്കളായിരുന്നു). അതിന് ആരംഭം കുറിച്ചു എന്ന് കരുതാവുന്നത് വൈ.എം.സി.എ. പ്രസ്ഥാനമാണ്. 1844 ജൂൺ 6-ന് വിവിധ സഭകളിൽ അംഗങ്ങളായിരുന്ന 12 യുവാക്കളെ ഒരുമിച്ചു കൊണ്ടുവരുന്നതിലൂടെ ആദ്യത്തെ വൈ.എം.സി.എ. ലണ്ടനിൽ ആരംഭിച്ചു. 1855-ൽ പാരീസിൽ വച്ച് വൈ.എം.സി.എ.യുടെ ആദ്യ ലോക സമ്മേളനം നടക്കുമ്പോൾ 9 രാജ്യങ്ങളിൽ നിന്ന് 99 പ്രതിനിധികൾ എത്തിച്ചേർന്നു. വിവിധ തൊഴിൽ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്ന യുവാക്കളുടെ ആത്മീയ നിലവാരം മെച്ചപ്പെടുത്തുന്നതിന്, വേദ പഠന ക്ലാസ്സുകൾ നടത്തുക, കുടുംബ പ്രാർത്ഥനകളിൽ യുവജനസാന്നിധ്യം ഉറപ്പുവരുത്തുക, സാമൂഹ്യ പ്രാർത്ഥനകൾ നടത്തുക, സാമൂഹ്യമായി വളരുന്നതിന് യുവാക്കളെ സജ്ജരാക്കുക ഇവയായിരുന്നു ആദ്യകാല ലക്ഷ്യങ്ങൾ.

കലാശാല വിദ്യാർത്ഥികളുടെയിടയിൽ ആരംഭിച്ച മറ്റൊരൈക്യ പ്രസ്ഥാനമായിരുന്നു 'സ്റ്റുഡന്റ് ക്രിസ്ത്യൻ മൂവ്മെന്റ്'. (എസ്.സി.എം.) കലാശാല വിദ്യാർത്ഥികളുടെ ആത്മീക നിലവാരം മെച്ചപ്പെടുത്തുന്നതിന് 1895-ൽ വേൾഡ് സ്റ്റുഡന്റ് ക്രിസ്ത്യൻ ഫെഡറേഷന് രൂപം നൽകി. (World student christian federation) 1889 മുതൽ വിദേശ രാജ്യങ്ങളിൽ സുവിശേഷീകരണത്തിനു താല്പര്യമുള്ള വിദ്യാർത്ഥികളുടെ ഒരു കൂട്ടായ്മയായി അത് വളർന്നു അധികം താമസിയാതെ ബ്രിട്ടണിലെ ഏകദേശം 80% വിദ്യാർത്ഥികളും അതിൽ അംഗമായിത്തീർന്നു.

1881 ഫെബ്രുവരി 2-ാം തീയതി അമേരിക്കയിലെ മെയിൻ സ്റ്റേറ്റിലെ പോർട്ട്ലാന്റ് എന്ന പട്ടണത്തിൽ യങ്ങ് പീപ്പിൾസ് സൊസൈറ്റി ഫോർ ക്രിസ്ത്യൻ എൻഡവർ (Young People's Society for Christian Endeavour) എന്ന പേരിൽ ഒരു പ്രസ്ഥാനം ആരംഭിച്ചു.

അമേരിക്കയിലാണ് അരംഭിച്ചതെങ്കിലും ബ്രിട്ടന്റെ അധീനതയിലുള്ള പ്രദേശങ്ങളിൽ എല്ലാം അതിന്റെ പ്രവർത്തനം വളരെ വേഗം വ്യാപിച്ചു. “ക്രിസ്തുവിൽ വെളിപ്പെട്ട ദൈവത്തെ അറിയുന്നതിന് ഒരുമിച്ച് പ്രവർത്തിക്കുക (Work together to know God in Christ)എന്ന ലക്ഷ്യ ത്തോടെ ആരംഭിച്ച ഈ ഐമേനി പ്രസ്ഥാനം “ഫോർ ക്രൈസ്റ്റ് ആൻഡ് ദ ചർച്ച്” (For Christ and the Church) അഥവാ ക്രിസ്തുവിനും സഭക്കും വേണ്ടി എന്ന ആപ്തവാക്യം സ്വീകരിച്ച് ലോകത്താകമാനം വളർന്നു. (എൻ.എം.എസ്സ്. മിഷനറിമാർ ക്രിസ്ത്യൻ എൻഡവർ സൊസൈറ്റിയെ വളരെ അധികം പ്രോത്സാഹിപ്പിച്ചു.

1948-ൽ രൂപം പ്രാപിച്ച അഖില ലോക സഭാ കൗൺസിലിന്റെ (World council of Churches (W.C.C)) രൂപവത്കരണത്തിന് നേതൃത്വം നൽകിയിരുന്നത് ഈ യുവജന പ്രസ്ഥാനങ്ങളായിരുന്നു. ലോകത്തെ ക്രിസ്തുവിനായി നേടുക എന്നതായിരുന്നു അവരുടെ പ്രചോദനം. അതിന്റെ ഫലമായി 1910-ൽ എസിൻബറോ പട്ടണത്തിൽ ഇന്റർനാഷ ണൽ മിഷനറി കോൺഫറൻസ് (International Missionary Conference) എന്ന പേരിൽ ഒരു സമ്മേളനം വിളിച്ചുകൂട്ടി. മിഷനറി സമൂഹങ്ങൾ മത്സരിച്ചു പ്രവർത്തിക്കുന്നതിനെക്കാൾ പരസ്പരം സഹകരിച്ചു പ്രവർത്തിച്ചെങ്കിൽ മാത്രമേ 20-ാം നൂറ്റാണ്ടിൽ അർത്ഥവത്തായി ക്രൈസ്തവ ദൗത്യം നിറവേറ്റുന്നതിന് സാധിക്കുകയുള്ളൂ എന്ന ചിന്ത അതിലൂടെ രൂപപ്പെട്ടുവന്നു. വളരെ ആവേശത്തോടെ ആരംഭിച്ചെങ്കിലും 1914 മുതൽ 1918 വരെ നടന്ന ഒന്നാംലോക മഹായുദ്ധം ഒരുമിച്ചുള്ള കൂടിവരവിന് ഏറെ വിഘാതങ്ങൾ സൃഷ്ടിച്ചു.

യുദ്ധത്തിന്റെ മുറിപ്പാടുകൾ കെട്ടിടങ്ങി തുടങ്ങിയതോടുകൂടി സഹകരിച്ചു പ്രവർത്തിക്കുന്നതിന് പുതിയ വഴികൾ തേടിത്തുടങ്ങി. വിവിധ സഭകളുടെ മിഷനറി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഇന്റർനാഷണൽ മിഷനറി സമ്മേളനങ്ങൾ പലതും നടത്തപ്പെട്ടു. 1921-ൽ ന്യൂയോർക്കിലെ ലേക്ക് മോഹൻകിൽ വച്ചും, 1923-ൽ ബ്രിട്ടനിലെ ഓക്സ്ഫോർഡിൽവച്ചും 1928-ൽ ജറുശലേമിൽ വച്ചും, 1938-ൽ മദ്രാ സിലെ താമ്പരം ക്രിസ്ത്യൻ കോളേജിൽവച്ചും അന്തർദേശീയ മിഷ നറി സമ്മേളനങ്ങൾ നടത്തപ്പെടുകയുണ്ടായി.

സഭയുടെ വിശ്വാസപരമായ കാര്യങ്ങളിലും, ഭരണക്രമ രീതി കളിലും ഏകീകരണം രൂപപ്പെടുത്തുന്നതിന് ഫെയ്ത്ത് ആന്റ് ഓർഡർ (Faith and Order) കമ്മീഷൻ എന്ന പേരിൽ വിപുലമായ ചർച്ചകൾ നട ത്തപ്പെട്ടു. 1927-ൽ സ്വിറ്റ്സർലാന്റിലെ ലൂസാൻ പട്ടണത്തിൽ വച്ചും, 1937-ൽ സ്കോട്ട്ലാന്റിലെ എഡിൻബറോയിൽവച്ചും ഫെയ്ത്ത് ആന്റ്

ഓർഡർ കമ്മീഷന്റെ ലോക സമ്മേളനങ്ങൾ നടത്തപ്പെട്ടു.

സഭകളുടെ സാക്ഷ്യവും ശുശ്രൂഷയും എങ്ങനെ ആയിരിക്കണം എന്നും ഏതെല്ലാം മേഖലകളിൽ യോജിച്ചു പ്രവർത്തിക്കണം എന്ന കാര്യങ്ങളിൽ ഏകോപനം ഉണ്ടാക്കുന്നതിന് ജീവിതവും, പ്രവർത്തനവും (Life and Work) എന്ന പേരിൽ മൂന്നാമതൊരു വഴിത്താരയും ആരംഭിച്ചു. 1925-ൽ സ്വീഡനിലെ സ്റ്റോക്ക് ഹോമിൽ വച്ചും, 1937-ൽ ഇംഗ്ലണ്ടിലെ ഓക്സ്ഫോർഡിൽ വച്ചും ലൈഫ് ആന്റ് വർക്ക്സ് കമ്മീഷന്റെ സമ്മേളനങ്ങളും നടത്തപ്പെട്ടു. 1938-ൽ മദ്രാസിൽ വച്ച് നടത്തപ്പെട്ട ഇന്റർനാഷണൽ മിഷനറി സമ്മേളനത്തിൽവച്ചു, ഫെയ്ത്ത് ആൻ ഓർഡർ കമ്മീഷനും, ലൈഫ് ആന്റ് വർക്ക് കമ്മീഷനുമായി ഒരുമിച്ച് പ്രവർത്തിക്കുന്നതിനും അഖില ലോക സഭാ കൗൺസിലിന് രൂപം കൊടുക്കുന്നതിനും തീരുമാനിച്ചു. അതിനു മുന്നോടിയായി 1939-ൽ നെതർലാന്റിലെ ഒരു അഖില ലോക സമ്മേളനം വിളിച്ചുകൂട്ടി. ഏതാണ്ട് രണ്ട് ദശകക്കാലം സഭാ ഐക്യത്തെപ്പറ്റി വളരെ ആവേശത്തോടെ പ്രവർത്തിച്ചെങ്കിലും 1939-ൽ പൊട്ടിപ്പുറപ്പെട്ട 2-ാം ലോക മഹായുദ്ധം എല്ലാ പ്രതീക്ഷകളേയും കെടുത്തിക്കളഞ്ഞു. തുടർ പ്രവർത്തനത്തിന് 1945-ൽ യുദ്ധം അവസാനിക്കുന്നതുവരേയും കാത്തിരിക്കേണ്ടി വന്നു.

യുദ്ധാനന്തരം സഭൈക്യത്തിന്റെ ആവശ്യകത കൂടുതൽ ബോധ്യപ്പെടുകയും 1948 ആഗസ്റ്റ് 4 മുതൽ നെതർലാന്റിലെ ആംസ്റ്റർഡാമിൽ (Amsterdam) വിവിധ രാജ്യങ്ങളിലെ 147 പ്രൊട്ടസ്റ്റാന്റ് വിഭാഗങ്ങളിൽ നിന്ന് 351 പ്രതിനിധികൾ പങ്കെടുത്ത സമ്മേളനത്തിൽ വച്ച് അഖില ലോക സഭാ കൗൺസിൽ (World council of churches) ന് രൂപം നൽകി. ഇന്ന് കിഴക്കൻ ഓർത്തഡോക്സ് സഭാ വിഭാഗങ്ങൾ ഉൾപ്പെടെ 345 ലധികം സഭാവിഭാഗങ്ങൾ ഡബ്ല്യൂ.സി.സി.യിൽ അംഗങ്ങളായിട്ടുണ്ട്.

## “ജീവിതത്തിൽ പ്രചോദനം തരുവാൻ ചില മുള്ളുകൾ ആവശ്യമാണ്”

ചില പരിമിതികൾ ജീവിതപുരോഗതിക്ക് ആവശ്യമാണ്. ജീവിതത്തിൽ ചില മുള്ളുകൾ ഉണ്ടായിരിക്കണം. കാറ്റും കോളുമുണ്ടാകുന്ന കടലിൽ കപ്പൽ മറിയാതിരിക്കണമെങ്കിൽ അടിത്തട്ടിൽ ഭാരമുണ്ടായിരിക്കണം. ചില ഭാരങ്ങൾ നാം വഹിക്കാനിടയാകുന്നതു നമ്മുടെ നന്മയ്ക്കു മുഖാന്തരമാണ്. നാം നിഗളിക്കാതിരിക്കാനും ദൈവാശ്രയം വിട്ടുകളയാതിരിക്കാനും സ്വയം സൂക്ഷിക്കുവാനും നമ്മെ പ്രേരിപ്പിക്കുവാൻ ദൈവം തരുന്ന അനുഗ്രഹങ്ങളാണ് ജീവിതത്തിലെ വിഷമതകൾ.



# REPORT OF ACTIVITIES

Dear friends in Christ,

Greetings in the matchless name of our Lord and Saviour Jesus Christ.

I am privileged to report the activities during the month of August 2023.

By the grace of God Almighty, worship services were conducted on all Sundays. Tamil services at 7:15am were led by Rev. Thapasi Das and Rev. Oliver Stanley, Rev. Aneesh Varghese, Er. Ceragil Austin Prince, Rev. Calwin Kisto and Adv. Roy Yesudas gave sermons for Malayalam service.

Fasting prayer was conducted on second Saturday 12th August from 10 am onwards. Worship and songs were led by CEYF and sermon was delivered by Rev. Shem Japadas. Many members of our church lead the intercessory prayer.

Circle prayers were arranged on all Fridays. During the month, circle prayers were conducted at the residences of Mrs.Vimala James, Mrs. Kesi Roselet, Mrs. Nirmala S. Lal, Er. L. Nesayyan and Mr. Madan Dev.

Online prayer from 8:00 pm to 9:00 pm, on all days, except Sunday and intercession prayer on Sundays, from 12:00 noon to 1:00 pm are going on with good attendance. Vestry prayer was held on all Mondays, from 5:00pm to 6:00 pm, led by Rev. Dr. L. E. Sahanam and Prof. Raja Prasad.

Activities of all sub-organizations went on well. 77th Independence Day of our Nation was celebrated under the leadership of CEYF on 15th August. National Flag was hoisted by Col. D. D. Anslem. Johnson Memorial Bible Verse Competition for Sunday School

children was conducted on 13th August 2023. Essay writing and painting competitions were organised on 20th August. Women's Fellowship conducted their Annual Arts Competitions on 6th & 13th August.

The Managing Committee of MMCCF which met on 20th August 2023 reviewed the activities, set future plans and passed the accounts for the preceeding month.

Our efforts to regain the procession of MM church campus are progressing. I take this opportunity to thank all who are rendering their support to make all activities successful and acceptable to our God Almighty. Let's continue to pray and work together in unity.

**MADRAS HIGH COURT ORDERED CSI MODERATOR & BISHOP SKD A. DHARMARAJ RASALAM TO EXIT**

Moderator Bishop Dharmaraj Rasalam's election is invalidated on 5th September 2023 by a landmark judgement pronounced by Justice Sentil Kumar Ramamoorthy of the Madras High Court. All amendments to the constitution are nullified. A. Dharmaraj Rasalam's illegal continuance since June 2023, enhancing the retirement age of Bishops and clergy to 70 years through unlawful constitutional amendments has come to an end. In this historic case, our congregation played a vital role by impleading in suit CS 86/2022 filed by Dr. Sheshadri of Chennai Diocese. Deputy Moderator Rt. Rev. Reuben Mark has taken charge as Acting Moderator of CSI and as Bishop of South Kerala Diocese. Retired High Court judge Justice Bharathi Dasan is appointed as Commissioner to conduct the election of the Moderator within four months. Let us continue to pray for the restoration of CSI.

**Er. D. Premdas Justus**

**TRIALS GIVE WAY TO A BLESSED END.**

Cheer up my friend, for your latter end blessings will make you forget the path of trials and afflictions you are going through.

# ജീവിത യാത്രക്കാരാ, കാലടികൾ എങ്ങോട്ട് ?



ഡോ. ക്രിസ്റ്റെൻസൺ ഈ. സാരസം

ഈ ലോകത്തിൽ നാം അനുദിന പോരാട്ടത്തിലാണെന്ന് ഓർത്തിരിക്കേണ്ടതാണ്. ഒരിക്കലായി രക്ഷിക്കപ്പെട്ട നാം കാണ്മോഹം, ജഡമോഹം, ജീവനത്തിന്റെ പ്രതാപം, താൽക്കാലിക നേട്ടങ്ങൾ, സൗകര്യങ്ങൾ എന്നിവയുടെ പ്രലോഭനത്തിനു വഴങ്ങി, ചെയ്യേണ്ടവ ചെയ്യാതെ വിടരുത്. ചെയ്യരുതാത്തവ ചെയ്തു ജീവിത വിശുദ്ധി നഷ്ടപ്പെടുത്തരുത്. അറിഞ്ഞോ അറിയാതെയോ ദൈവ വഴിയിൽ നിന്നും വഴുതിപ്പോകരുത്. **ആത്മീക ജീവിതത്തിനു നിരക്കാത്ത തീരുമാനങ്ങൾ എടുക്കരുത്.** യേശുകർത്താവിന്റെ ഉപദേശങ്ങളിൽ നിന്നും വഴിമാറി ശിക്ഷാവിധിയിൽ ആയിപ്പോകാതിരിപ്പാൻ ജാഗ്രതയോടെ ജീവിക്കേണ്ടത് അത്യാവശ്യമാണ്. 'ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിനു മനസ്സ് പുതുക്കി രൂപാന്തരപ്പെടുവിൻ' (റോമർ 12:2).

ക്രിസ്ത്യാനികൾ ലോകവ്യാപാരങ്ങളിൽ നിന്ന് പൂർണമായി വിരമിക്കുകയല്ല, ലോകമനുഷ്യരിൽ നിന്നും വ്യത്യസ്തരായി ദൈവ വചനത്തിന്റെ അടിസ്ഥാനത്തിൽ ജീവിക്കേണ്ടത് അത്യാവശ്യമാണ്. **ദിനം തോറും പാപത്തിനെതിരായ തീരുമാനവും പോരാട്ടവും ജീവിതത്തിൽ പാലിച്ച് വിശുദ്ധി നിലനിർത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.** പരിശുദ്ധാത്മാവിനു എതിരായ പ്രവണതകൾക്ക് വഴങ്ങി നമ്മുടെ മനസാക്ഷിയെ മരവിപ്പിച്ച് ഹൃദയത്തെ കഠിനപ്പെടുത്തി ജീവിക്കരുത്.

കാൽവരി കുരിശിൽ യേശുക്രിസ്തുവിലൂടെ വെളിപ്പെട്ട ദൈവ സ്നേഹം എത്ര അഗാധമാണ്, തീവ്രമാണ്, ശക്തമാണ്? അതിന്റെ ആഴം ആർക്കും അളക്കുവാൻ കഴിയുകയില്ല. നമ്മുടെ ജീവിതം വളരെ ചെറുതാണ്. നാം ഇവിടെ നിന്നും പോകേണ്ടവരാണ്. 'ഇവിടെ നമുക്ക് നിലനിൽക്കുന്ന നഗരമില്ലല്ലോ. വരുവാനുള്ളത് അത്രേ നാം അന്വേഷിക്കുന്നത്' (എബ്രായർ 13:14). ദൈവം തന്റെ മഹാകരുണയാൽ നമുക്ക് നൽകിയിരിക്കുന്ന ജീവിതത്തിന്റെ അവശേഷിക്കുന്ന ഭാഗം നമുക്ക്

കർത്താവിനായി സമർപ്പിക്കാം. ദൈവഹിതപ്രകാരം നമ്മുടെ ജീവിതം നമുക്ക് ജീവിച്ചു തീർക്കാം. ക്രൂശിലെ സ്നേഹവും, ത്യാഗവും, ക്ഷമയും ഉൾക്കൊണ്ട് ക്രൂശിലൂടെ യേശു കാണിച്ചുതന്ന നിത്യജീവനിലേക്ക് നമുക്ക് പ്രയാണം ചെയ്യാം; മറ്റുള്ളവരെ അതിലേക്ക് നമുക്ക് ആഹ്വാനം ചെയ്യാം. **സത്യം, ധാർമീകത, നീതിബോധം, പരസ്പര വിശ്വാസം എന്നിവക്ക് ഊന്നൽ നൽകി ക്രൂശിതനായ ക്രിസ്തുവിന്റെ പക്ഷത്തു നിലയുറപ്പിക്കാം.** പ്രപഞ്ചത്തിന്റെ രക്ഷയുടെയും ഉദ്ധാരണത്തിന്റെയും കേന്ദ്രബിന്ദുവായിരിക്കുന്ന ക്രൂശിലെ സ്നേഹം നമുക്ക് വഴികാട്ടിയായിരിക്കട്ടെ.

ആയുസ്സിന്റെ ദിവസങ്ങൾ എണ്ണി, ഈ ജീവിതത്തിനു അന്തം ഉണ്ടെന്നു മനസ്സിലാക്കി ജീവിക്കുന്നവരാണ് ജ്ഞാനികൾ. നമുക്കും അവരുടെ പട്ടികയിൽ ഇടം പിടിക്കണം. 'മനുഷ്യന്റെ ആയുഷ്കാലം എഴുപതു സംവത്സരം, ഏറെയായാൽ എൺപതു സംവത്സരം. അതിന്റെ പ്രതാപം പ്രയാസവും ദുഖവുമത്രെ. അത് വേഗം തീരുകയും ഞങ്ങൾ പറന്നു പോകയും ചെയ്യും' (സങ്കീ. 90:10). ദൈവം നമ്മെ ആക്കിയിരിക്കുന്നു സ്ഥാനത്ത് നമ്മുടെ കടമകൾ ആവുന്നത്ര ഭംഗിയായി നിറവേറ്റണം; അതോടൊപ്പം ദൈവരാജ്യ വ്യാപ്തിക്കായി ദൈവം നമ്മിലൂടെ ആഗ്രഹിക്കുന്നവയ്ക്ക് മുൻതൂക്കം നൽകി ജീവിക്കണം. **ആത്മാർഥമായി സത്യസുവിശേഷം പ്രഘോഷിക്കാം. ജീവിത സാക്ഷ്യം നിലനിർത്താം. ക്രിസ്തുവിന്റെ വീണ്ടും വരവിനെക്കുറിച്ച് ഉച്ചത്തിൽ പ്രസ്താവിക്കാം.** നഷ്ടപ്പെട്ട ദിവസങ്ങൾ നമുക്ക് വീണ്ടും ലഭിക്കുകയില്ല. അതിനാൽ സമയം വിലയേറിയതാണെന്നു ഓർക്കണം. ഓരോ ദിവസം പിന്നിടുമ്പോഴും നാം ജനനദിവസത്തോടു അകലുകയും മരണദിവസത്തോടു അടുക്കുകയും ചെയ്യുന്നു. സമയം ശരിയായി ഉപയോഗിച്ചില്ലല്ലോ; അവസരങ്ങൾ നഷ്ടപ്പെടുത്തിയല്ലോ എന്ന് പരിതപിക്കുന്നവരുണ്ട്. ആ വിലാപം പ്രയോജനരഹിതമാണ്. ഓരോ ദിവസവുമാരംഭിക്കുമ്പോൾ, അന്ന് ചെയ്തു തീർക്കേണ്ടതായ പ്രവർത്തികൾ നാം ആസൂത്രണം ചെയ്യണം. അല്പത്തിൽ വിശ്വസ്തൻ; അധികത്തിൽ വിചാരകൻ. ക്രിസ്തീയ ജീവിതം വിജയിപ്പിക്കണമെങ്കിൽ, ചെറുതും വലുതുമായ എല്ലാ കാര്യങ്ങളിലും നാം സത്യവും നീതിയും വിശുദ്ധിയും പാലിക്കണം. മാത്രമല്ല, സുവിശേഷീകരണത്തിലും മിഷനറി പ്രവർത്തനത്തിലും നമ്മുടെ വ്യക്തിപരമായ സാന്നിധ്യം നമുക്ക് വർദ്ധിപ്പിക്കാം. 'ഇത് ദുഷ്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചുകൊൾവിൻ' (എഫെസ്യർ 5:16).

**SUNDAY SCOOL BONDING...**

(Text messages exchanged between a former Sunday School student and her teacher).

Happy teachers' day sir 🙏




**Reply from teacher to student:**

Dear .....

Greetings.

What is learned in childhood enables one to lay strong foundations and equipes to practise the same in life situations in future.

I am glad that you are enriched and equiped by what we have learned together during the Sunday School days.

May God bless you to hold on to your convictions and pass on the golden values to the student generations under your patronage.

**Privileges & Responsibilities**

*Privileges are responsibilities. And responsibilities are privileges. It's childishness that enjoys privileges evading responsibilities.*

*It's cumbersome when we try to fulfill responsibilities forgetting they are privileges.*

*Becoming a "child" of God is a privilege. Behaving as His "sons" is a responsibility. The gift of salvation is a privilege. Growth in sanctification is a responsibility. Holding both privileges and responsibilities in proper balance is maturity. This is the Biblical teaching throughout from Genesis to Revelation.*



## പ്രതിവാര ധ്യാനം

**സെപ്റ്റംബർ 3**

**അദ്ധ്യാപകർ വിമോചനത്തിന്റെ ചാലകങ്ങൾ**

സദൃ. 8:1-2, സങ്കീ. 119:97-104, അ.പ്ര. 8:26-38, മർക്കൊ. 6:34-44

**സെപ്റ്റംബർ 10**

**വനിതകൾ മാറ്റത്തിന്റെ വക്താക്കൾ**

സംഖ്യ. 27:1-11, സങ്കീ. 119:57-64, അ.പ്ര.16:11-15, ലൂക്കൊ.1:46-55

**സെപ്റ്റംബർ 17**

**സമാധാനവും സംഘർഷ പരിഹാരവും**

പുറ. 13:2-12, സങ്കീ. 16, അ.പ്ര.16:1-6, മത്താ. 20:1-16

**സെപ്റ്റംബർ 24**

**വയോജനങ്ങൾ ഫലസമൃദ്ധിയുള്ളവർ**

ഉല്പ. 17:21-8, സങ്കീ. 92, ഫിലെ. 8-22, മത്തായി 7:13-20

**സെപ്റ്റംബർ 27**

**സാക്ഷ്യത്തിലെ ഏകത്വം**

യെഹ. 37:15-22, സങ്കീ. 122, എഫെ. 4:1-6, യോഹ. 17:20-26

## ആ ദിവസം അകലെയല്ല...

*ചൂളപോലെ കത്തുന്ന ഒരു ദിവസം വരും, അന്ന് അഹങ്കാരികളൊക്കെയും താളടിയാകും. നീതിയുടെ സൂര്യനുദിക്കും. യഹോവയുടെ വലുതും ഭയങ്കരവുമായ നാൾ വരും, ദൈവത്തെ ഭയപ്പെടുന്നവർക്കു നീതിസൂര്യൻ തന്റെ ചിറകിൻ കീഴിൽ രോഗോപശാന്തിയോടുകൂടി ഉദിക്കും എന്നീ വിധത്തിൽ പ്രവാചകൻ പറയുന്നു.* ***അനീതിക്കെതിരായി ന്യായവിധി ഉണ്ടാകുമെന്നു പ്രവാചകൻ തറപ്പിച്ചു പറഞ്ഞു.***

*സ്വതന്ത്രനായ മനുഷ്യൻ, അനീതി ചെയ്തേക്കാം. എന്നാൽ അവസാനം ദൈവത്തിന്റെ ന്യായവിധി ഉണ്ടാകും. നിരപരാധികളായ യഹൂദരെയും ക്രിസ്ത്യാനികളെയും കൊല ചെയ്ത ഹിറ്റ്ലർ അവസാനം ആത്മഹത്യ ചെയ്തു. നാം ഒരിക്കലും നീതിമാനായ ദൈവത്തെ സംശയിക്കരുത്.*

***ചിന്താവിഷയം: ദൈവീക കോടതിയിലെ വിധിക്കു കാലതാമസം വരാം. എന്നാൽ തെറ്റുപറ്റുകയില്ല.***

# കർത്താവിന്റെ മാതൃക പിൻതുടരുവിൻ



ജെ. ദാനാഭായി

**1. യേശുക്രിസ്തുവിന്റെ സ്നേഹം നിസ്തുലമാണ്**

യേശു പാപികളെ സ്നേഹിച്ചു - ലൂക്കൊ. 19:10
കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാൻ വന്നു.
സഭയെ സ്നേഹിച്ചു - എഫെ. 5:25
തനിക്കുള്ളവരെ അവസാനത്തോളം സ്നേഹിച്ചു - യോഹ. 13:1
കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം എന്ന രാജകീയ ന്യായപ്രമാണം നിങ്ങൾ നിവർത്തിക്കേണം (യാക്കോബ് 2:8).
കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കേണം (ഗലാ. 5:14).
യേശു ശത്രുക്കളെ സ്നേഹിച്ചു.
പിതാവേ ഇവർ ചെയ്യുന്നതു ഇന്നതെന്ന് അറിയായ്കകൊണ്ട് ഇവരോടു ക്ഷമിക്കണമേ (ലൂക്കൊസ് 23:34).
ശിശുക്കളെ സ്നേഹിച്ചു - മർക്കൊസ് 10:14-16
ലോകത്തെ സ്നേഹിച്ചു - യോഹ. 3:16

**2. യേശുവിന്റെ സ്നേഹം വ്യക്തികളെ നേടി**

മുടിയനായ പുത്രൻ - ലൂക്കൊ. 15:23,24
സക്കായി - ലൂക്കൊ. 19:5
Jesus wept over the city for the souls there - (ലൂക്കൊ. 19:41)
യേശു നഗരത്തെ കണ്ടു അതിനെക്കുറിച്ചു കരഞ്ഞു.
മറിയ കരയുന്നതും അവളോടു കൂടെ വന്ന യഹൂദന്മാർ കരയുന്നതും യേശു കണ്ടിട്ടു ഉള്ളം നൊന്തു കലങ്ങി (യോഹ. 11:33).
യേശു കണ്ണുനീർവാർത്തു (യോഹ. 11:36).

**4. യേശുക്രിസ്തുവിന്റെ മനസ്സലിവ്** (Compassion)

മത്താ. 9:36 യേശു പുരുഷാരത്തെ ഇടയനില്ലാത്ത ആടുകളെപ്പോലെ കുഴഞ്ഞവരും ചിന്നിയവരുമായി കണ്ടിട്ട് അവരെക്കുറിച്ച് മനസ്സലിഞ്ഞു.
മർക്കൊസ് 8:2 മൂന്ന് ദിവസം തന്നോടൊപ്പം പാർത്ത പുരുഷാരത്തിന് ഭക്ഷിപ്പാൻ ഒന്നും ഇല്ലായ്കകൊണ്ട് അവരോടു അലിവു തോന്നി.
മർക്കൊസ് 10:48 - ബർത്തിമായി എന്ന കുരുടൻ നിലവിളിച്ചപ്പോൾ യേശു നിന്നു, അവന് കാഴ്ച കൊടുത്തു.

മത്തായി 14:14 – അവൻ വന്നു വലിയ പുരുഷാരത്തെ കണ്ട് അവരിൽ മനസ്സലിഞ്ഞ് അവരുടെ രോഗികളെ സൗഖ്യമാക്കി.
മത്താ. 20:32 – യേശു രണ്ടു കുരുടന്മാരുടെ നിലവിളികേട്ട് നിന്നു, മനസ്സലിഞ്ഞ് അവരുടെ കണ്ണുതൊട്ട് അവരെ സൗഖ്യമാക്കി.

**5. യേശുവിന്റെ സൗമ്യത**

അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവനും ആയുള്ളോരെ എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും (മത്താ. 11:28).

"Meekness is the attitude of mind that is opposite to harshness and contentiousness" - Torrey

ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോട് പഠിപ്പിൻ. എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും.

"Meekness is tenderness and gentleness towards others"
Mathew 12:19 Jesus dealt tenderly with broken hearted.

..ചതഞ്ഞ ഓട അവൻ ഒടിച്ചു കളകയില്ല. പുകയുന്ന തിരി കെടുത്തുക്കളകയില്ല.
(ഗലാ. 6:1,2) ഒരു മനുഷ്യൻ വല്ല തെറ്റിലും അകപ്പെട്ടുപോയെങ്കിൽ ആത്മീകരായ നിങ്ങൾ ആനെയുള്ളവനെ സൗമ്യതയുടെ ആത്മാവിൽ യഥാസ്ഥാനപ്പെടുത്തുവിൻ. നീയും പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ സൂക്ഷിച്ചു കൊൾക. തമ്മിൽ തമ്മിൽ ഭാരങ്ങളെ ചുമപ്പിൻ; ഇങ്ങനെ ക്രിസ്തുവിന്റെ ന്യായപ്രമാണം നിവർത്തിപ്പിൻ.

2 തിമൊ. 2:24, 26 കർത്താവിന്റെ ദാസൻ ശണ്ഠയിടാതെ എല്ലാവരോടും ശാന്തനും ഉപദേശിപ്പാൻ സമർത്ഥനും ദോഷം സഹിക്കുന്നവനുമായി അത്രേ ഇരിക്കേണ്ടത്. വിരോധികളെ സൗമ്യതയോടെ പഠിപ്പിക്കണം.

**6. യേശുവിന്റെ താഴ്മ**

**Mathew. 11:29-ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകുന്നു**

Luke 15:1, 2 The humility of Jesus allowed Him to associate with publicans and sinners.

ചുങ്കക്കാരും പാപികളും എല്ലാം അവന്റെ വചനം കേൾപ്പാൻ അവന്റെ അടുക്കൽ വന്നു.
യെശ. 53:7 – .. "തന്നെത്താൻ താഴ്ത്തി വായെ തുറക്കാതെയിരുന്നിട്ടും

അവൻ പീഡിപ്പിക്കപ്പെട്ടു. കൊല്ലുവാൻ കൊണ്ടു പോകുന്ന കുഞ്ഞാടിനെപ്പോലെയും.... അവൻ വായെ തുറക്കാതിരുന്നു"

തന്നെ ശകാരിച്ചിട്ട് പകരം ശകാരിക്കാതെയും കഷ്ടം അനുഭവിച്ചിട്ട് ദൂഷണം പറയാതെയും ന്യായമായി വിധിക്കുന്നവങ്കൽ കാര്യം ഭരമേല്പിക്കയത്രെ ചെയ്തത്.

John 13:4,5 Jesus demonstrated humility by washing the feet of His disciples.

**7. യേശുവിന്റെ കരുണ–** മത്താ.18:33 – യജമാനന് നിന്നോട് കരുണ തോന്നിയതുപോലെ നിനക്കും കൂട്ടു ദാസനോടു കരുണ തോന്നേണ്ടതല്ലയോ? നിങ്ങൾ ഓരോരുത്തൻ സഹോദരനോട് ഹൃദയപൂർവ്വം ക്ഷമിക്കണം.

മത്താ. 17:7 – യേശു ഭയപ്പെടുന്നവരെ തൊട്ട് എഴുന്നേല്പിച്ചു ഭയപ്പെടേണ്ട എന്നു പറഞ്ഞു.

മർക്കൊസ്. 6:31. ശിഷ്യന്മാരുടെ തിരക്കു മനസ്സിലാക്കി അവരെ ഏകാന്ത സ്ഥലത്തുപോയി വിശ്രമിക്കാൻ ഉപദേശിക്കുന്നു.

മർക്കൊസ് 6:48 ശിഷ്യന്മാർ പടകിൽ തണ്ടു വലിച്ചു വലയുന്നതു കണ്ടു രാത്രി നാലാം യാമത്തിൽ കടലിൽ നടന്നു അവരുടെ അടുക്കൽ ചെന്നു.

മർക്കൊ. 11:51. ആവശ്യക്കാരുടെ നിലവിളിയിങ്കൽ നില്ക്കുന്ന യേശു. ഞാൻ നിനക്കു എന്തു ചെയ്തു തരണം എന്നു ചോദിച്ച് ആവശ്യം നിറവേറ്റി കൊടുക്കുന്നു.

ഗലാ. 6:2 – തമ്മിൽ തമ്മിൽ ഭാരങ്ങളെ ചുമപ്പിൻ; ഇങ്ങനെ ക്രിസ്തുവിന്റെ ന്യായപ്രമാണം നിവർത്തിപ്പിൻ.

**8. യേശുവിന്റെ ആർദ്രത** – ഫിലി. 1:8

ക്രിസ്തു യേശുവിന്റെ ആർദ്രതയോടെ ഫിലിപ്പിയിലുള്ള വിശ്വാസികളെ കാണാൻ പൗലൊസ് വാഞ്ഛിച്ചു.

ക്രിസ്തുവിന്റെ മനസ്സുള്ളവരായി ജീവിപ്പാൻ നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം. അതിനു പിതാ, പുത്ര, പരിശുദ്ധാത്മാവാം ദൈവം നമ്മെ സഹായിക്കട്ടെ.

**TRINITY is a MYSTERY**

*Trinity is a mystery, but it's history.*
*God sent Jesus His son on the Christmas Day (Gal. 4:4)*
*Jesus sent the Holy Spirit on the Pentecost Day (Acts 2:33).*
*Trinity is better understood in experience than by explanation.*
*I pray To the Father, THRO' Christ, WITH the Spirit's help*
*(Mt. 6:9; Eph 3:14; Jn. 16:23; Rom 8:26, 27).*

## Scene & Setting

1



Ashlin Neha Sarjine

2



Ashika Niya Sarjine

*Oh God, we praise you for the universe you have created for us.*

# Sunday School Competitions









*Children groomed to sharpen their talents!*

3

*Drawing by Lena Edwin in 2014*



"Do not fear therefore; you are of more value than many sparrows"
(Matthew 10:31)

# *In Ever Loving Memory of*





**Sri. P. Sundaram**
(Former Deacon of MM Church)

**Smt. Elsie Sundaram**

***Called to Eternal Glory on***

*27-9-1970* — *13-4-1964*

***"Safe In the Arms of Jesus"***

***By***

**W/o. Grandson, Late Sri. J. Jayaraj (Prof. Santha Kumari) and Family**

# Church Choir Outreach at CSI Ottakombu Church













# MM CHURCH CHOIR OUTREACH

**(REPORT : CES)**

Evening hours of Sunday 20th August was special for MM Church Choir as against the regular routine. Members assembled at the Kowdiar Johnson Hall well prepared adorning the new Choir uniform. (Opinion differs in the colour choice for men, and yet the overall appearance is welcome and befitting). **The destination was CSI Ottakkombu Church.**

We were on a mission to reach out to a Church congregation echoing Christian music. Our Choir Secretary, Er. Joshi Das YS made all arrangements, working out even minute details and the team had enough numbers to satisfy a hired minibus. The journey started with prayer by Mrs. Jothi Roberts. **This was indeed a mission trip to a congregation more than 87 years old, living and worshiping our Saviour in a mountainous terrain.** A church which had the visitations and ministry of our former revered Bishops : A.H. Legg, William Vachalan, I Jesudasan and JW Gladstone.

**The landscape is mountainous and the church is situated uphill,** 7 kms away from Nedumangaud. Our former Pastor Vijayadas and family are shepherding that Church for more than an year now. Incidentally, happy to mention that they are retaining their membership in MM Church and their son and daughter continue to be active members of MM Church Choir. CSI Ottakkombu decided to rejuvenate their 'Poor Fund' and their desire was to hold a joint music performance of MM Church Choir and CSI Ottakombu Church Choir to mark the event and make the occasion enjoyable and resourceful.

Having reached the by-road towards the church, our former choir member, the elder daughter of Rev. Sunin Spencer (who ministered our church) was one among those who welcomed us along with Vijayadas Atchan's Kochamma. **The panoramic view of the down hill, greenery and the scenery are quite fascinating and captivating.** The evening fresh breeze was quite comforting. The organizers initiated hospitality with a cup of tea.

Though small, the church was well furnished, the building was well maintained inside and outside and we could feel the serenity and solemnity of God's presence in the church along with the faithful members of the church.

*CSI Ottakkombu church secretary and Poor Fund convener welcomed the participating choirs and the audience. Rev. Vijayadas, in his presidential address spoke on the initiative that he took to hold the Choir performance in the church. The first package of songs were rendered by MM Church Choir lead by Mr. Premchand Johnson (English) and Mr. Amarnath I Paul (Malayalam). The choice of songs and rendering were such that the congregation was led to enjoy peace and tranquility in God's presence.*

*Further, CSI Ottakkombu Church choir gave out their best numbers and their quality was appreciable. Following this, a brief message for the occasion was delivered by Dr. Christenson E. Sarasam. The second package of songs rendered by MM Church choir were mostly devotional, drawing the congregation for a closer walk with our Lord and Saviour Jesus Christ. Vote of thanks was proposed by our Choir Secretary. The event was heart throbbing, fabulous, enjoyable and memorable.*

A dinner was arranged for all participants, sponsored by MM Church. The dinner was special with Kappa and Chicken curry. Of course, chapatti was also available on request. **When we all joined for dinner, we could feel and experience the joy on the faces of the church members having been blessed with a feast of christian songs.** This provided an opportunity to have closer fellowship with members of another congregation. During the return trip, our choir members had a meaningful session of music practice in the members, in view of the upcoming programs of the choir. We disbursed after a thanksgiving prayer.

**The event inspired our Choir members to avail of such opportunities for reaching out with christian music and gospel songs as a glowing tribute to the music talents and resources God has ushered on us.**

പാട്ട്

# ദൈവം വാഗ്ദത്തങ്ങളിൽ വിശ്വസ്തൻ



എസ്. ആർ. ചന്ദ്രിക ജയദാസ്

വാഗ്ദത്തനാടതിലെത്തിടുമേ, ഞങ്ങൾ
വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനാം
വാക്കു മാറാത്തതാം എൻ യേശുനായകൻ
താങ്ങി നടത്തിടും അന്ത്യംവരെ (വാഗ്ദത്ത)

കർത്താവേ! ഞങ്ങൾക്കു നിൻകൃപ മതിയെന്നും
ജീവിക്കുവാനുള്ള ശക്തി നൽകൂ.
നിൻമാർവ്വിൽ ചാരുവാൻ നിൻ സ്നേഹം തേടുവാൻ,
കൃപയാലെ ഞങ്ങൾക്കു ശക്തിയേകൂ. (വാഗ്ദത്ത)

ഭാരം പ്രയാസങ്ങൾ നേരിടും നേരത്ത്,
സ്നേഹിക്കുവാനെന്റെ യേശുമതി.
ഇന്നെന്റെ ആശ്രയം കർത്താവിലാണവൻ
കൈവിടുകില്ല ഉപേക്ഷിക്കില്ല (വാഗ്ദത്ത)

രണ്ടുപേർ ഭൂമിയിൽ യാചിക്കും കാര്യങ്ങൾ
ഐക്കമത്യപ്പെട്ടാൽ ദൈവമുണ്ട്
എന്നരുൾചെയ്ത നിൻ വാഗ്ദത്തമോർത്തെന്നും,
അങ്ങയെ വാഴ്ത്തിവണങ്ങിടുന്നു (വാഗ്ദത്ത)

രഹസ്യത്തിൽ കാണും പിതാവിനോടൊപ്പം നാം,
പ്രാർത്ഥനയിൽ നേരം ഐക്യപ്പെടാം.
രഹസ്യത്തിൽ കാണും പിതാവു താൻ നമ്മൾക്കായ്,
യാചിപ്പതൊക്കെയും നൽകി തരും (വാഗ്ദത്ത)

## കൽപനകൾ മറക്കാതിരിക്കുവിൻ...

*കർത്താവായ യേശു നമുക്ക് നൽകിയിരിക്കുന്ന മുഖ്യകല്പനയായ 'ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും, പൂർണാത്മാവോടും, പൂർണശക്തിയോടും കൂടെ സ്നേഹിക്കേണം' എന്നതിനോടൊപ്പം, 'കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കേണം' (ലൂക്കൊസ് 10:27) എന്ന രണ്ടാമത്തെ കല്പന നാം മറക്കാതിരിക്കണം.* ***ഇതിനർത്ഥം മിത്രങ്ങളുടേതു മാത്രമല്ല, അപരന്റെയും ദുഃഖത്തിൽ നാം പങ്കാളികൾ ആകണം എന്നുതന്നെ.*** *എങ്കിൽ മാത്രമേ, ക്രിസ്തുവിന്റെ ശിഷ്യഗണത്തിൽ പെടുന്ന നമുക്ക്, ദൈവം നമ്മെ ഏല്പിച്ചിരിക്കുന്ന ദൗത്യം പൂർത്തീകരിക്കാനാവൂ (യോഹ. 13: 34, 35).*

# CHARACTERISTICS OF A TRUE WORSHIPPER



## (BASED ON LIFE OF JOB)

**Alwin Davis**

Job 1: 20. Then Job arose, and rent his mantle, and shaved his head, and fell down upon the ground, and worshipped.

Although the Bible mentions many people who worshiped GOD, this meditation is based on the life of Job.

**1. HOLY LIFE - STAY AWAY FROM EVIL/FEAR GOD**

Job 1:1 that man (Job) was perfect and upright, and one that feared God, and eschewed evil.

Job 1: 5. And it was so, when the days of their feasting were gone about, that Job sent and sanctified them, and rose up early in the morning, and offered burnt offerings according to the number of them all: for Job said, It may be that my sons have sinned, and cursed God in their hearts. Thus did Job continually.

Job 31: 1. I made a covenant with mine eyes; why then should I think upon a maid?

- Fearing GOD and turn away from evil.
- Focus only on doing GOD's will and to please GOD only.
- Made a covenant with their eyes.
- They and their family members are careful not to Sin against GOD.
- Obeying GOD's commandments.

**2. THEY DO NOT SIN WITH THE LIPS /THEY DON'T BLAME GOD or CIRCUMSTANCES**

Job 2: 10. In all this Job did not sin with his lips.

Job 1: 22. In all this Job sinned not, nor charged God foolishly.

- They turn away Sinning with lips knowing that False witness, lie, murmur, slandering, Blasphemy are abomination to GOD.
- They speak words of encouragement to others and praise GOD in spite of difficulties.

- Whatever is the difficult circumstance they may undergo, they believe that GOD IS IN CONTROL.

**3. THEY ARE NOT COVETOUS/THEY LOVE GOD ABOVE ALL**

Job 1 :21. The LORD gave, and the LORD hath taken away; blessed be the name of the LORD.

- Their relationship with GOD remains unchanged at prosperity or poverty.
- They believe that all blessings come from GOD and its ownership belongs to GOD alone not to them.
- They love GOD more than anything else in this world.
- They always put their Trust in GOD alone not in wealth.

**4. TRUST GOD/GLORIFY GOD /DEFEAT PLAN OF SATAN**

Job 2: 3. And the LORD said unto Satan, Hast thou considered my servant Job, that there is none like him in the earth, a perfect and an upright man, one that feareth God, and escheweth evil? and still he holdeth fast his integrity, although thou movedst me against him, to destroy him without cause.

- They distinguish between the voice of GOD and of Satan.
- They never allow Satan to take control over their lives how hard the situation may be.
- They are Humble, Believing in GOD's sovereignty.
- They Praise GOD and Glorify HIM alone knowing that GOD alone is worthy to be praised.
- They do not seek self Glorification.
- They attract people towards GOD not towards them.

**5. HOPE /PATIENCE- HOPE AMIDST SUFFERING**

Job 19: 25. For I know that my redeemer liveth, and that he shall stand at the latter day upon the earth:

Job 19: 26. And though after my skin worms destroy this body, yet in my flesh shall I see God:

James 5: 11. Behold, we count them happy which endure. Ye have heard of the patience of Job, and have seen the end of the Lord; that the Lord is very pitiful, and of tender mercy.

- They wait with patience before GOD.
- No matter how much trouble in their lives, they will never reject GOD.
- They have unshakable faith and follow GOD faithfully.
- They surrender themselves completely to the will of GOD having no anxiety about the future.
- They have the courage to face suffering with Patience and Hope on eternity accepting it as GOD's divine plan.

**6. COMPASSIONATE**

Job 29:12-25

- They are compassionate to fellow beings and help the poor.
- They reflect GOD's characters in their lives.

**7. PRAYER LIFE**

Job 42:8 …..my servant Job shall pray for you: for him will I accept: lest I deal with you after your folly, in that ye have not spoken of me the thing which is right, like my servant Job.

- They pray for those who insult them without vengeance.
- Their confidence and dependence are completely in GOD alone.
- They maintain communion with GOD which reflects in their life too.

Kids Corner

## *Happiness*

***- Steffy Miriam Sunil***



*Happiness is a gift from God. Happiness in you shows that you are joyful. We can bring happiness to the most gloomy people.*

*When are you happy?*

*I am happy when I am with my family and friends!*

*We can make the world happy if we just express our happiness. We can share jokes to gloomy and sad people and make them happy. Happiness is a Gift from God.*

**Kids Corner**

## Dear little ones,

*Hope you all enjoyed the week long Onam holidays and are back to studies. Amidst your busy study schedule, have you ever visualised that your life is like a '***Jigsaw puzzle***'. What? Jigsaw puzzle is any set of varied, irregularly shaped pieces that, when properly assembled form a picture or map. (The puzzle is so named because the picture, originally attached to wood and later to paperboard, was cut into its pieces with a jigsaw, which cuts intricate lines and curves).*

*The jigsaw puzzle of life lies before you. God has given you every piece of it. All the pieces for a fruitful life lie within your reach. Talents are there, opportunities are there, - wake up and get prepared. Pick up all the pieces. Sort out. Have an eye on the picture. Segregate and find out the combinations. Seek God's help through personal prayer.* ***Remember, God is with you in all your pursuits.*** *Be confident and speak to yourself: "God has promised to help me. I will be successful. I can do this puzzle. I have the ability to do that". Why because, 'God has given me all the pieces. God will give me the clues. God will enable me. God will not forsake me. I'll put it all together. Even if I fail, I will try. I will try even if I have to venture into the night.* ***I will strive without despair. I will win'.***

*Let me encourage you to face the jigsaw puzzle of life with this supreme confidence. God will ensure you success. Along with your intensive academic studies, may God be your guide in every activity, every challenge, every test and every trial – to face it all with faith and absolute trust in God.* ***Our God will give you victory.***

*Uncle Kids'*

*The whole world is looking at you to rise*
*and shine and go forward to fight the battle for*
*God and be victorious.*

# BIBLICAL FEASTS - A STUDY...3



**Premula Morris**

Mark 14: 3-9 can be called the 'Sacrificial gift of a woman' or 'Woman with an alabaster jar'. Jesus and those who followed Him were gathered in the house of the Simon, the leper (rough nickname). Any person having leprosy was not allowed within the city gate. So it must be understood that Simon was a leper who was healed of leprosy. We don't know whether Jesus was the person who healed Simon of his leprosy. We don't know what happened in his life. May be, as a thanksgiving to Jesus for healing him, Simon opened his home for this gathering. We don't know. **Do we make our home/life available for God to use or do we say more …more …and more for us?** What God can do through you is more important than what He can do just for you. How God can use us depends on how we give ourselves into God's hands. Jesus did not withhold anything when He gave his life on the cross for us. Likewise, think of the persons in the house around the dinner table, when the lady was making a sacrificial offering, the men around were calculating on the price of the gift. A year's wages is not something that you can collect in a piggy bank. The heart wants to believe but the mind wants to make sense. Sacrificial giving means lots of doubt & self-analysis, it is also second guessing on whether to give this much, or whether the gift is more than that which is needed. **How many of us have searched in our purse for the lowest denomination when offertory is taken?**

***There is the story of a man who gave tithe.*** *When he had a salary of 100/- he gave 10/-and when his salary increased to 200/-, he gave 20/- as tithe. He was happy with tithing till his salary became 900/- but when his salary reached 1000/-, the decision to give 100/- as tithe was hard. And God said let your salary be 900/- always. Think if God makes such a decision like that in our lives where would we stand.*

**When God increases our income, do we spend more on ourselves or do we increase our giving?** The extravagance of the woman is hard to understand. Likewise in church, are we able to understand what is happening around us, even if to others? Sacrifice makes sense only when we understand the ultimate sacrifice of Jesus.

The people there didn't understand what was going to happen in Jesus's life. They had the prophets and the laws but they still didn't understand what would happen. Cross hasn't happened then but we know now. Jesus had been with them for three years, healing, feeding and taking care of all their needs but they never understood the cross or the ultimate sacrifice that had to happen. Cross is the ultimate for which Jesus came into this world for. He was sitting at the table. The Passover lamb was sitting at the table and the only one who could identify the Passover lamb was the woman with the alabaster Jar. So she broke the jar and poured the costly ointment on Jesus. **She gave all in the jar to Jesus. Not even a drop left over for herself.** The aroma filled the whole place, not just on the one on whom she anointed.

Think how far we know now. We have the written word of God. We have seen the full circle. **What is our excuse for withholding what we have?** If Jesus could come and die for me the least I could do is break a vase for him. Shouldn't that be our thought? It is a privilege to give it to him. Jesus came into this world for you and me. He got beaten for you and me. He carried the cross for me. He wore a crown of thorns for you and me. He stretched out his hand on the cross for you and me. He died for you and me. Can't we break a vase for him what is our excuse for not sacrificing? We have seen the cross and all that had happened. We know everything now. If we know or remember all that Jesus has done for us…, think of how He was always been there in our life. How He made us walk all the way ….how He had carried us… always here to keep you safe, and all that He has given us. What should we do? It's hard to make sense of how God can give us freely all things …how he was able to give His son, His only son as sacrifice for

our lives. The ultimate gift of Jesus on the cross was purely John 3:16 in action. That's how much God loved us. **If we can really comprehend that ultimate sacrifice of God our giving would also be sacrificial.** When a farmer plants a seed he doesn't give it a burial. He knows that he will see it again and it will be grown into a big tree. That is the faith that he has. What kind of faith do we have? "She hath done what she could" (Mark 14:8a). That's what God expects from each one of us. Don't set your sights low, and say this is what I can do. **Remember the tithing story.**

Jesus knew that the gospel would be preached in the whole world and so He gave the promise to the woman. We are fulfilling that promise when we speak about her. She got a 'memorial' by loving Jesus and serving Him. And the service that she did was not just service to Jesus. The aroma of the perfume was carried around the house and gave an aroma to all the people in the house. What have we done for the Lord? What have we done as a service to the Lord? What have we done as a sacrifice to the Lord? **Sacrifice means that it hurts, but still we give even though it pains.** We are still happy to give. That is what sacrifice means.

In Mark 14:10-11, we see that all the above happenings made Judas decide to betray Jesus. He saw the sacrificial giving of a woman but still he decided to betray Jesus for money. What do we decide after hearing or seeing a promise or a miracle? Does money or the offer for money make one forget the teachings in the Bible? Remember the end of Judas when in such a situation. That is the end of all who work against God or God's plans. May the Almighty give us grace to live in His ways for the glory of God.

## CROSSED JORDAN TO BE WITH THE LORD

| | | |
|---|---|---|
| Family No 1935 | **Mr. Edwin Francis**<br>Grace, TC 27/2057, CRRA 2B,<br>Chirakkulam Road, Statue, Trivandrum 695001<br>Died on : 26-08-2023 |  |

# FORGIVE TO BE FORGIVEN



**Paul Thomson Godwin**

Going to heaven is the goal of all believers. As we all know, being born to a christian family, going to church regularly and / or doing good works won't take us anywhere. Eph 2:8-10 states that salvation is by the GRACE OF GOD; nothing for us to boast. In short, it is the GRACE OF JESUS and the BLOOD OF JESUS that gets us to heaven.

God forgives a repentant soul. But let's not get carried away by the notion that sins once forgiven are forgiven forever. Sorry friends. It doesn't work like that. Do we know that in the Lord's prayer that we pray daily, we earnestly request Jesus to forgive us ONLY IF we forgive others? Matt. 6:12 "And forgive us our debts As we forgive our debtors".

Matt. 18:23-35 is more scary. It tells us about a king who forgave a servant who owed him a fortune but decided to make him liable for the entire debts he once owed and punish him brutally ONLY BECAUSE he did not forgive a fellow slave who owed him less when compared to what he had been forgiven.

There are no Ifs and Buts with Jesus. It's Just a Yes or a No. It's true that God will forgive us of our sins when we pray for forgiveness. We will live a forgiven life. But when we stand in front of the Judgement seat of Jesus, we will be judged unless we have forgiven others wholeheartedly. Again, to forgive others, we need the help of the Holy Spirit.

The Holy Spirit will help us to forgive others if we genuinely want to do so. He will also remind us of the things we have forgotten but not forgiven. He will prepare us for heaven if we are willing to forgive everyone wholeheartedly. **Remember: Forgiveness is something which should never be overlooked. It can cost us heaven.**

Let's Pray- Jesus, give us a heart of forgiveness and make us more eligible for heaven - Amen.

# CROSSWORD PUZZLE - 6

*Compiled by*
**PREMCHAND JOHNSON**




## Across

2. Largest planet in the solar system (7)
8. Corn (5)
9. Arab leader(5)
11. A pig - once killed (4)
12. Seat of emotions (5)
13. Stinging plant mentioned in prov. 28:31(6)
14. Riyadh is its capital (11)
17. Metric unit of weight (8)
18. Edible fungi (8)
19. Trees, shurbs, grass,fern,moss: generally (6)
20. Egg shape (4)

## Down

1. Animal with hump (5)
3. Floating ice mountains(8)
4. A son of cus gen 10:7 (6)
5. '......Grace' a popular hymn (7)
6. One of the card suits/precious stone(7)
7. Type of dance form in South India (9)
10. Humps on roads to regulate vehicular speed (13)
15. Second colour in 'vibgyor' (6)
16. Chin beard(6)

NB : Find answers to this crossword puzzle in the next issue. Clues are both from the Bible and General Knowledge.WHATSAPP YOUR ANSWERS TO 9447018118 & EARN EARLY BIRD GIFTS.

**Answers to crossword 6:** 1) Error 2) leviathan 3) lillies 4) emerald 5) rapid 6) kerala 7) lystra 8) pods 9) pentuatech 10) violet 11) desire 12) redeemer 13) aaron 14) dog 15) apostlescreed 16) seconds 17) lazer 18) tuba 19) red 20) guide 21) incense 22) rebuke

BIBLE QUIZ

Ajith Sen

We hope that all of you are carefully reading the Bible to find answers to the questions, which is the motive behind this Bible Quiz. This month's questions are from the Epistle to Hebrews 4-13. Kindly, read these ten chapters before attempting the quiz.The reading portioncontains one of the most important passages in the Bible about faith along with a list of faith warriors.

Please substantiate your answers by stating references (verse) from the Bible.

The questions are prepared from the New International Version (NIV) of the English Bible; kindly use that version to find the correct answers. For clarifications, refer the Malayalam translation of the questions. Submit your answers written in English or Malayalam before September25ththrough email at churchvoicequiz@gmail.com

> Those who are writing answers on paper, kindly use a single side to write the answers and write the name on the same side before taking the photo.
> After taking a photo make sure that the answers are readable before sending it.
> Email is the only mode of communication.

*The Bible Quiz can be downloaded every month using the URL*
*https://drive.google.com/drive/folders/1pYmyeEtOmltbG8DehtPcI5SUSxux-6zs*
*You can also scan the QR code to go to the link.*

1. Who is the author and perfecter of our faith?
2. Christ was designated by God to be high priest in which/whose order?
3. "Today, if you hear his voice, do not harden your hearts." God spoke this through whom?
4. What should be done to cleanse us from a guilty conscience?
5. ............. appoints as high priests men who are weak.
6. Who are crucifying the Son of God all over again and subjecting him to public disgrace?
7. From where did the Lord take by the hand and lead the forefathers of the house of Israel?
8. Who refused to be known as the son of Pharaoh's daughter, because he was looking ahead to his reward?
9. There is no forgiveness without the shedding of what?
10. What are the three things that the epistle writer is exhorting not to forget?

---

*Read the instructions given above before submitting the answers. Those answers submitted without following the instructions will not be valued along with correct submissions.*

The correct answers to the quiz from II Timothy 2-4, Titus, Philemon, Hebrews 1-3

1. Onesimus (Phim. 1:10)
2. To all men (Tit. 2:11)
3. Hymenaeus and Philetus (2 Tim. 2:17)
4. Two times (Tit. 3:10)
5. Titus (Tit. 1:4)
6. The prophets (Heb. 1:1)
7. Moses (Heb. 3:2)
8. Demas (2 Tim. 4:10)
9. By His death (Heb. 2:14)
10. Jannes and Jambres (2 Tim. 3:8)

**List of people who submitted the right answers**

1. Sujana Satish
2. Meehal Godwin
3. Jolly David
4. Lilora P. R.
5. Latha Job
6. Helen Saramma E. H.
7. Mary Padmini Jasper
8. J. Sumangala
9. Girly Rajesh John
10. Rajesh John Ross
11. Dora Johnson
12. Soben S. L.
13. Gladis J.
14. Nirmala Lal Jayakumar
15. Reuben S. L.
16. Anie Reuben
17. Jothi Roberts
18. Jolly Irene
19. Mershika John
20. Anitha Kingsley

**List of people who submitted answers with only one wrong**

1. Lalitha Jacob
2. Chandra John

---

# ബൈബിൾ ക്വിസ്സ് - മലയാളം പരിഭാഷ

**സെപ്റ്റംബർ 2023**

**2 തിമൊഥെയൊസ് 2–4, തീത്തൊസ്, ഫിലേമോൻ, എബ്രായർ 1–3**

*എല്ലാ മാസവും ഇംഗ്ലീഷിൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ വായിച്ചതിനുശേഷം ഉത്തരങ്ങൾ എഴുതുക. നിർദ്ദേശങ്ങൾ പാലിക്കപ്പെടാതെ സമർപ്പിക്കുന്ന ഉത്തരങ്ങൾ മറ്റുള്ളവയുടെ കൂടെ പരിഗണിക്കുകയില്ല.*

1. വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനും ആരാണ്?
2. ക്രിസ്തുവിനു ഏത് (ആരുടെ) ക്രമപ്രകാരം മഹാപുരോഹിതൻ എന്നുള്ള നാമമാണ് ദൈവത്താൽ ലഭിച്ചിരിക്കുന്നത്?
3. “ഇന്നു അവന്റെ ശബ്ദം കേൾക്കുന്നു എങ്കിൽ നിങ്ങളുടെ ഹൃദയം കഠിനമാക്കരുതു”, എന്നു ദൈവം ആരുമുഖാന്തരമാണ് പറഞ്ഞത്?
4. നമ്മുടെ ദുർമ്മനസ്സാക്ഷി നീങ്ങുമാറു എന്തു ചെയ്യണം?
5. ................ ബലഹീന മനുഷ്യരെ മഹാപുരോഹിതരാക്കുന്നു.
6. ആരാണ് തങ്ങൾക്കു തന്നേ ദൈവപുത്രനെ വീണ്ടും ക്രൂശിക്കുന്നവരും അവന്നു ലോകാപവാദം വരുത്തുന്നവരും ആകുന്നത്?
7. യിസ്രായേൽ ഗൃഹത്തിന്റെ പിതാക്കന്മാരെ ദൈവം എവിടെ നിന്നാണ് കൈയ്ക്കു പിടിച്ച് കൊണ്ടുവന്നത്?
8. പ്രതിഫലം നോക്കിയതുകൊണ്ടു ഫറവോന്റെ പുത്രിയുടെ മകൻ എന്നു വിളിക്കപ്പെടുന്നത് നിരസിച്ചത് ആര്?
9. എന്തു ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല?
10. മറക്കരുത് എന്ന് ലേഖന കർത്താവ് പ്രബോധിപ്പിക്കുന്ന മൂന്നു കാര്യങ്ങൾ എന്താണ്?

# SCF Outreach at Kuttikanam & Vagamon













*God has ordained the Senior Citizens as a blessing to everyone.*

# Independence Day









